**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **12-10-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ പുതുക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസ് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി കാരണം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്ന ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസ് ഒഴിവാക്കി ഒരു വർഷം കൂടി സാവകാശം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | 1955 -ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ കാലതാമസം വരുത്തിയതിന് ഒടുക്കേണ്ട പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച് ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ, സംഘത്തിനും ഭരണസമിതിയിലെ ഓരോ അംഗത്തിനും 400/- രൂപ എന്ന നിരക്കിൽ, കാലതാമസം വരുത്തുന്ന ഓരോ വർഷത്തിനും പിഴ ഒടുക്കേണ്ടതാണ്. നിലവിൽ മുടക്കം വന്ന വർഷത്തിന് 500/- രൂപ മാത്രം എന്ന നിരക്കിൽ ഒടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി, 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 30.09.2021 തീയതിയിലെ ജി.ഒ(പി)നം.86/2021/ടാക്സസ് പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ